## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2556 — 12.03.2020 ൽ മറുപടിയ്ക്ക്

## ബാറുകൾ അടച്ചുപൂട്ടിയതു കാരണം തൊഴിൽ രഹിതരായവരുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയത് കാരണം എത്ര തൊഴിലാളികളാണ് തൊഴിൽ രഹിതരായതെന്ന് വെളിപ്പെടുത്തുമോ; | (എ) | മുൻ സർക്കാരിന്റെ 2014-15 വർഷത്തെ മദ്യനയം മൂലം ബാറുകൾ അടച്ചുപൂട്ടിയത് കാരണം കേരള അബ്കാരി ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരുന്ന 361 തൊഴിലാളികൾക്കും, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ടിരുന്നു. |
| (ബി) | ഇവരുടെ പുനരധിവാസത്തിനായി മദ്യത്തിന്റെ വില്പനയിൽ അഞ്ചു ശതമാനം സെസ് ഏർപ്പെടുത്തുകയുണ്ടായോ; എങ്കിൽ സെസ് എന്നുമുതൽ ഏർപ്പെടുത്തിയെന്ന് അറിയിക്കാമോ; | (ബി) | തൊഴിൽ രഹിതരായവരുടെ പുനരധിവാസത്തിനായി മദ്യത്തിന്റെ വിൽപ്പനയിൽ 5% സെസ്, 08/10/2014 തീയതിയിലെ Notification No. 20478/Leg.A2/2014/Law പ്രകാരം സർക്കാർ ഏർപ്പെടുത്തുകയുണ്ടായി.<br>മേൽ ഉത്തരവ് പ്രകാരം 10/10/2014 മുതലാണ് 5% സെസ് ഏർപ്പെടുത്തിയത്. |
| (സി) | ഈ സെസ് മുഖേന നാളിതുവരെ എന്തു തുക പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ; | (സി) | ഈ സെസ് മുഖേന 1059.04 കോടി രൂപ പിരിച്ചെടുത്തു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**5% Rehabilitation Cess Collected**

| വർഷം | തുക |
|---|---|
| 2014-15 (10/10/2014 മുതൽ) | 124.92 കോടി രൂപ |
| 2015-16 | 293.75 കോടി രൂപ |
| 2016-17 | 308.74 കോടി രൂപ |
| 2017-18 | 331.63 കോടി രൂപ |
| **ആകെ** | **1059.04 കോടി രൂപ** |

| | | | |
|---|---|---|---|
| (ഡി) | തൊഴിലാളികളുടെ പുനരധിവാസത്തിനായി എന്തു തുക ഇതേവരെ ചെലവഴിച്ചു; അതുമൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വിശദമാക്കുമോ; | (ഡി) | തൊഴിലാളികളുടെ പുനരധിവാസത്തിനായി 8,75,45,000/- (എട്ട് കോടി എഴുപത്തി അഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ) രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം നൽകിയ ധനസഹായം മൂലം 5851 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം പിരിച്ചെടുത്തതിൽ എന്തു തുക നീക്കിയിരിപ്പുണ്ട്; അത് എന്തിനുവേണ്ടി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സംസ്ഥാന സർക്കാരിന്റെ റവന്യൂ ഹെഡ്ഡിലേക്കാണ് ഒടുക്കിയിട്ടുള്ളത്. ഇതിന് പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.<br>മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും, മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിച്ച കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ പരിധിയിൽ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, മദ്യത്തിനും മയക്കമരുന്നിനും അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും, തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടിയാണ് ടി തുക ഉപയോഗപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ